**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 246** **22-02-2022 - ൽ മറുപടിയ്ക്ക്**

**ബൂസ്റ്റർ ഡോസ് വാക്സിൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് പ്രതിരോധത്തിന് ബൂസ്റ്റർ ഡോസായി സർക്കാർ നൽകി വരുന്നത് ഏത് വാക്സിനാണെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് കോവിഷീൽഡ്, കോവാക്സിൻ എന്നീ വാക്സിനുകളാണ് നിലവിൽ മുൻകരുതൽ ഡോസായി നൽകി വരുന്നത്. കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ഉണഭോക്താവിന് ആദ്യ രണ്ട് ഡോസുകൾ നൽകിയ അതേ വാക്സിൻ തന്നെയാണ് മുൻകരുതൽ ഡോസായും നൽകുന്നത്. |
| (ബി) | സ്വകാര്യ മേഖലയിൽ നിന്നും ബൂസ്റ്റർ ഡോസ് ഇപ്പോൾ നൽകി വരുന്നുണ്ടോ; ഉണ്ടെങ്കിൽ ഏത് വാക്സിനാണ് എന്ന് വ്യക്തമാക്കുമോ; | (ബി) | സ്വകാര്യ മേഖലയിലും കോവിഷീൽഡ്, കോവാക്സിൻ എന്നീ വാക്സിനുകളാണ് മുൻകരുതൽ ഡോസ് ആയി നൽകുന്നത്. |
| (സി) | സംസ്ഥാനത്ത് ഇപ്പോൾ ബൂസ്റ്റർ ഡോസായി നൽകി വരുന്ന വാക്സിനുകൾക്ക് വിദേശ രാജ്യങ്ങളിൽ പ്രത്യേകിച്ച് ഗൾഫ് രാഷ്ട്രങ്ങളിൽ എല്ലായിടത്തും അംഗീകാരമുണ്ടോ; വിശദമാക്കുമോ? | (സി) | മുൻകരുതൽ ഡോസ് ആയി സംസ്ഥാനത്ത് നൽകി വരുന്ന കോവിഷീൽഡ്, കോവാക്സിൻ എന്നീ വാക്സിനുകൾക്ക് ലോകാരോഗ്യ സംഘടനയുടെ EUL (Emergency use listing procedure) അംഗീകാരം ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ